(ബി) മത്സ്യത്തൊഴിലാളികൾക്ക് പലിശരഹിത വായ്പ നൽകുന്നതു സംബന്ധിച്ച് മത്സ്യഫെഡ് മത്സ്യബന്ധന തുറമുഖ വകുപ്പിന് ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികൾക്ക് മറ്റു മേഖലയിൽ ഉള്ളതിനേക്കാൾ കുറഞ്ഞ പലിശ നിരക്കിൽ പലിശ രഹിത വായ്പകൾ നൽകുവാനാണ് മത്സ്യ ഫെഡ് ലക്ഷ്യമിട്ടിട്ടുള്ളത്.

സഹകരണ സ്ഥാപനങ്ങളിലെ നിയമനത്തിനുള്ള കാലതാമസം

168 (952)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. വഴിയുള്ള നിയമനം നീണ്ടുപോകുന്നതുകൊണ്ട് സഹകരണ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം ഒഴിവാക്കി എത്രയുംവേഗം പി.എസ്.സി. വഴി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) പി.എസ്.സി.യ്ക്ക് നിയമനം വിടുവാൻ തീരുമാനിച്ചിട്ടുള്ള സഹകരണ സ്ഥാപനങ്ങളിൽ എത്ര പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് ഗവൺമെന്റ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കണക്ക് എത്രയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി.എസ്.സി.യുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(സി) 1999 മാർച്ച് മാസത്തെ കണക്കുകൾ പ്രകാരം 1501 ഒഴിവുകൾ ഉണ്ട്.

ഉപഭോക്തൃ സഹകരണസംഘങ്ങൾ സ്ഥാപിക്കാൻ നടപടി

169 (953)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 50 തൊഴിലാളികളെങ്കിലും ഉള്ള വ്യവസായ സ്ഥാപനങ്ങളിൽ ഉപഭോക്തൃ സഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിന് സെൻട്രലി സ്പോൺസേർഡ് പദ്ധതി നിലവിലുണ്ടോ;

(ബി) സർക്കാർ ഉടമയിലുള്ള എത്ര വ്യവസായ സ്ഥാപനങ്ങളിൽ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; സ്വകാര്യ ഉടമയിൽ എത്ര; പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്നവ എത്ര; വിശദമാക്കുമോ?

ഉത്തരം

(എ) നിലവിലില്ല.

(ബി) സർക്കാർ ഉടമയിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ 64 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ 14 എണ്ണം കൺസ്യൂമർ സംഘങ്ങളും 50 എണ്ണം ക്രെഡിറ്റ് സംഘങ്ങളുമാണ്. സ്വകാര്യ ഉടമയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly